(ഡി) കേന്ദ്രസർക്കാർ കൈത്തറി ഉൾപ്പെടെയുള്ള ടെക്സ്റ്റൈൽസ് നയം രൂപീകരിക്കുമ്പോൾ സംസ്ഥാന സർക്കാരിന്റെ അഭിപ്രായങ്ങൾ ആരായാറുണ്ടോ എന്ന് വ്യക്തമാക്കുമോ;

(ഇ) കൈത്തറി മേഖലയിലെ പ്രശ്നങ്ങൾ സംബന്ധിച്ച് പഠനം നടത്തുന്നതിനായി സംസ്ഥാന സർക്കാർ നിയമിച്ച കമ്മിറ്റിയുടെ റിപ്പോർട്ട് ലഭിച്ചുവോ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ;

(എഫ്) പൂട്ടിക്കിടക്കുന്ന കൈത്തറി മില്ലുകൾ പ്രവർത്തനക്ഷമമാക്കുന്നതിനുള്ള നടപടി ത്വരിതപ്പെടുത്തുമോ?

ഉത്തരം

(എ) കൈത്തറിയുടെ സമഗ്ര വികസനത്തിനായി പ്രത്യേകിച്ച് നിർദ്ദേശങ്ങളൊന്നും കേന്ദ്ര സർക്കാരിൽ സമർപ്പിച്ചിട്ടില്ല. എന്നാൽ പ്രോജക്ട് പാക്കേജ് പദ്ധതിപ്രകാരം ധനസഹായത്തിനായി വിവിധ കൈത്തറി സംഘങ്ങളുടെ സംരക്ഷണത്തിനും വികസനത്തിനുമായി പ്രൊപ്പോസലുകൾ കേന്ദ്രസർക്കാരിൽ സമർപ്പിച്ചിട്ടുണ്ട്.

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 145 പ്രോജക്ടുകൾക്കായി 859.585 കോടി രൂപ കേന്ദ്ര സർക്കാർ അനുവദിച്ചിട്ടുണ്ട്. എന്നാൽ കൈത്തറി മേഖലയുടെ പൊതുവായ സംരക്ഷണത്തിനായി പ്രത്യേക നടപടിയൊന്നും സ്വീകരിച്ചതായി അറിവില്ല.

(സി) അറിവില്ല.

(ഡി) അഭിപ്രായങ്ങൾ അറിയിച്ചിട്ടുണ്ടെങ്കിലും അവ സ്വീകരിച്ചിട്ടില്ല.

(ഇ) സംസ്ഥാന കൈത്തറി വ്യവസായം അഭിമുഖീകരിക്കുന്ന പ്രശ്നങ്ങളെ സംബന്ധിച്ച് വിശദമായ പഠനം നടത്തി റിപ്പോർട്ട് സമർപ്പിക്കുവാൻ ഹാൻവീവ് ചെയർമാൻ ശ്രീ. മമ്മു മാസ്റ്റർ അദ്ധ്യക്ഷനായും കൈത്തറി ഡയറക്ടർ കൺവീനറായും ഒരു 13 അംഗ സമിതി രൂപവൽക്കരിച്ചിട്ടുണ്ട്. ഇതിന്റെ പ്രവർത്തനം തുടങ്ങിയിട്ടേയുള്ളൂ. റിപ്പോർട്ട് രണ്ടു മാസത്തിനകം ലഭിക്കുമെന്ന് പ്രതീക്ഷിക്കുന്നു.

(എഫ്) അംഗങ്ങളുടെ കുറ്റം കൊണ്ടല്ലാത്ത കാരണങ്ങളാൽ പ്രവർത്തനം നിലച്ചുപോയതും പുനരുദ്ധാരണ യോഗ്യവും പുനരുദ്ധാരണം കൊണ്ട് തൊഴിൽരഹിതരായിത്തീർന്ന അംഗങ്ങളുടെ തൊഴിലവസരം ഉറപ്പാക്കാൻ കഴിയുന്നതുമായ കൈത്തറി സഹകരണ സംഘങ്ങളുടെ പുനരുദ്ധാരണത്തിനുള്ള പദ്ധതി നിലവിലുണ്ട്. ഇതനുസരിച്ച് പൂട്ടിക്കിടന്ന പല സംഘങ്ങളെയും പ്രവർത്തനസജ്ജമാക്കിയിട്ടുണ്ട്. അതുപോലെ പൂട്ടിക്കിടക്കുന്ന ഫാക്ടറി ടൈപ്പ് സംഘങ്ങളെ പുനരുദ്ധരിക്കുന്നതിനും നവീകരിക്കുന്നതിനുമുള്ള പദ്ധതിയും തുടരുന്നു.

226 (292) തെരുവുനായ്ക്കളെ നശിപ്പിക്കുന്നതിനുള്ള നടപടി

ശ്രീ. പി.കെ.കെ. ബാവ :

ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

LIBRARY ARCHIVES Kerala Legislative Assembly

(എ) തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ തെരുവുനായ്ക്കളെ നശിപ്പിക്കുന്നതിനുള്ള നടപടി ഊർജ്ജിതമായി നടത്തുന്നില്ല എന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) തെരുവുനായ്ക്കളുടെ എണ്ണം പെരുകിയിട്ടുള്ളതായി പരാതി ലഭിച്ചിട്ടുണ്ടോ;

(സി) എങ്കിൽ ഇവയുടെ ശല്യംമൂലം ജനങ്ങൾക്കുണ്ടാകുന്ന പ്രയാസങ്ങളും പേപ്പട്ടി വിഷബാധയും ഇല്ലാതാക്കാൻ തെരുവുനായ്ക്കളെ നശിപ്പിക്കുന്നതിന് വേണ്ട നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ)&(ബി)പരാതികൾ ലഭിച്ചിട്ടുണ്ട്.

(സി) തെരുവുനായ്ക്കളെ പിടികൂടി നശിപ്പിക്കുന്നതിൽ വൈദഗ്ദ്ധ്യം നേടിയിട്ടുള്ളവരുടെ സേവനം പ്രയോജനപ്പെടുത്തി ഇവയുടെ ഉപദ്രവം ഒഴിവാക്കാൻ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ശ്രമിക്കുന്നുണ്ട്. എന്നാൽ പരിശീലനം ലഭിച്ച ആളുകൾ വേണ്ടത്ര ലഭ്യമല്ലാത്തതിനാൽ പല തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കും തെരുവുനായ്ക്കളെ നശിപ്പിക്കുന്നതിന് ഫലപ്രദമായ നടപടി സ്വീകരിക്കുവാൻ കഴിയുന്നില്ല. അതിനാൽ തെരുവുനായ്ക്കളെ പിടിച്ച് നശിപ്പിക്കുന്ന പ്രവൃത്തിയിൽ പരിശീലനം നടത്തുന്നതിനുവേണ്ടിയുള്ള ഒരു പദ്ധതി നടപ്പിലാക്കുന്ന കാര്യം പരിഗണനയിലാണ്.

227 (293) പ്രധാന നദികളിൽനിന്നും മണൽവാരുന്നത് നിയന്ത്രിക്കുവാൻ നടപടി

ശ്രീ. കെ.എ. ചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ പ്രധാന നദികളിൽ നിന്ന് മണൽവാരുന്നത് നിയന്ത്രിക്കുവാൻ ഇപ്പോൾ എന്തൊക്കെ സംവിധാനങ്ങളാണ് നിലവിലുള്ളത്;

(ബി) പ്രസ്തുത സംവിധാനങ്ങൾ കാര്യക്ഷമമായി പ്രവർത്തിക്കുന്നുണ്ടോ എന്ന് വിലയിരുത്താറുണ്ടോ;

(സി) ഇപ്പോൾ മണൽവാരൽ നിയന്ത്രിച്ചിട്ടുള്ള നദികളിൽനിന്നും മണലൂറ്റു നടക്കുന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) റിവർ മാനേജ്മെന്റ് കമ്മിറ്റിയുടെ പ്രവർത്തനങ്ങൾക്ക് തടസ്സം നിൽക്കാത്തവിധത്തിൽ മണൽവാരൽ നിയന്ത്രിക്കാൻ സ്ഥിരം വിദഗ്ദ്ധ സമിതി രൂപീകരിക്കാൻ നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ) കേരളത്തിലെ പ്രധാനപ്പെട്ട അമ്പത് നദികളിൽനിന്നും മണൽവാരുന്നതിനുള്ള അവകാശം ലേലം ചെയ്ത് നൽകുന്നത് പൂർണ്ണമായും നിർത്തൽ ചെയ്യുകയും സർക്കാർ നിബന്ധനകൾക്ക് വിധേയമായി ജില്ലാ കളക്ടർ അനുവദിക്കുന്ന കടവുകളിൽനിന്നും അനുവദിക്കപ്പെടുന്ന അളവിൽ മണൽ നീക്കം ചെയ്യുന്നതിന് തദ്ദേശ ഭരണ സ്ഥാപനങ്ങളെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly